VADAKKEKKAD

LITTLE KITES

# HSS THIRUVALAYANNUR NEWS

NOVEMBER 2025

# അറബിക്കിന്റെ കിരീടം തിരുവളയന്നൂരിൽ ഭദ്രം

## ഹൈസ്കൂൾ അഗ്രഗേറ്റ് രണ്ടാം സ്ഥാനം



## ചാവക്കാട് ഉപജില്ലാ കലാമേളയിൽ തിരുവളയന്നൂർ ഹൈസ്കൂളിന്റെ മിന്നും വിജയം



ചാവക്കാട് ഉപജില്ലാ കലാമേളയിൽ തിരുവളയന്നൂർ ഹൈസ്കൂൾ ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. അറബിക് വിഭാഗത്തിൽ 19 ഐറ്റത്തിൽ 18 A ഗ്രേഡ് കരസ്ഥമാക്കി തിരുവളയന്നൂർ ഹൈസ്കൂൾ ഒന്നാമതെത്തി. ഹൈസ്കൂൾ അഗ്രഗേറ്റ് വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടുകയും ചെയ്തു.

വിദ്യാർത്ഥികളുടെ മികച്ച പ്രകടനത്തിനൊപ്പം അധ്യാപകരുടെയും പരിശീലകരുടെയും ആത്മാർത്ഥമായ സഹകരണം ഈ വിജയത്തിന് പിന്നിലെ പ്രധാന ശക്തിയായി. ഹെഡ് മിസ്ട്രസ് ജിഷ ടീച്ചർ, അറബിക് വിഭാഗം അധ്യാപകൻ മുനീർ മാസ്റ്റർ,സ്കൂൾ കലാ കൺവീനർ ശ്രീരഞ്ജിനി ടീച്ചർ എന്നിവർ നേതൃത്വം വഹിച്ചു.

കലാ-കായിക രംഗങ്ങളിലൊക്കെയും കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി നടത്തുന്ന തുടർച്ചയായ ശ്രമങ്ങളുടെ ഫലമായിട്ടാണ് ഈ നേട്ടം കൈവരിച്ചത്.

## വിദ്യാർത്ഥികളെ അനുമോദിച്ചു

ചാവക്കാട്: സബ്ജില്ലാ കലോത്സവത്തിലും ശാസ്ത്രോത്സവത്തിലും മികച്ച പ്രകടനം കാഴ്ചവച്ച തിരുവളയന്നൂർ സ്കൂളിലെ വിദ്യാർത്ഥികളെ അനുമോദിക്കുന്ന ചടങ്ങിൽ ശ്രീ. ഷിന്റോ പോൾ (പൈലറ്റ്) മുഖ്യാതിഥിയായി പങ്കെടുത്തു. സ്കൂൾ PTA യുടെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ വിജയികളായ വിദ്യാർത്ഥികൾക്കും മാർഗനിർദ്ദേശം നൽകിയ അധ്യാപകർക്കും പ്രത്യേക അംഗീകാരം നൽകി.

## സംസ്ഥാന ശാസ്ത്രോത്സവത്തിൽ എ ഗ്രേഡ്



കല്ലൂർ : സംസ്ഥാന ശാസ്ത്രോത്സവത്തിലെ അധ്യാപകർക്കുള്ള ഐടി ടീച്ചിംഗ് എയ്ഡ് വിഭാഗത്തിൽ എ ഗ്രേഡ് നേടി സി. ജെ. ജോഫി ടീച്ചർ. വിഷയാവിഷ്കാരത്തിലും പ്രായോഗിക മാതൃകാ തയ്യാറെടുപ്പിലും കാഴ്ചവച്ച മികവാണ് വിജയത്തിന് മാറ്റു കൂട്ടിയത്.

## ഉപജില്ലാ കലോത്സവത്തിൽ A grade കരസ്ഥമാക്കിയവർ




## ഉപജില്ലാ കലോത്സവത്തിൽ A grade കരസ്ഥമാക്കിയവർ

